**അനുബന്ധം-1**

15-07-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*301)-ന്റെ ബാക്കിഭാഗം.

കൂടാതെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പ് വരുത്താൻ കഴിയുന്നു. ആയത് പ്രാദേശിക പദ്ധതികളുടെ സാങ്കേതിക മേന്മയും സമയക്രമവുമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്.

കൂടാതെ ജില്ലാ വികസനപദ്ധതി രൂപീകരിക്കുന്നതിനും വികസന മാസ്റ്റർ പ്ലാനുകൾ ഗുണമേന്മയോടെ തയ്യാറാക്കുന്നതിനും സാധിക്കുന്നതാണ്. ജില്ലയിലെ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് കൊണ്ട് പൊതുവായ വികസനപദ്ധതികൾ രൂപകല്പന ചെയ്യാനും നടപ്പാക്കാനും സാധിക്കുന്നതുമാണ്.

(സി) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണം, കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന ആസൂത്രിത പദ്ധതികളും അധികാര വികേന്ദ്രീകരണം വഴിയുള്ള തനതു വാർഷിക പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം ആസൂത്രണം ചെയ്ത് ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിന് സഹായകമാകുന്നതാണ്. ത്രിതല പഞ്ചായത്തുകളിലെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ത്രിതല പഞ്ചായത്തുകളും നഗരസഭകളും ചേർന്നുള്ള സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഏകോപിത പൊതുസർവ്വീസിന്റെ പിന്തുണ വളരെയധികം പ്രയോജനപ്പെടുന്നതാണ്. കൂടാതെ ഇതുവഴി ഇരട്ടിപ്പുകളും ആവർത്തനങ്ങളും ഒഴിവാക്കുന്നതിനുള്ള സാഹചര്യവും ഉണ്ടാകുന്നു. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ (നഗര വികസനത്തിനും ഗ്രാമ വികസനത്തിനും) ഫലപ്രദമായും കാര്യക്ഷമമായും അതോടൊപ്പം സംസ്ഥാനത്തിന് പ്രയോജനകരമാം വിധത്തിലും ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും അവലോകനത്തിനും ആവശ്യമായ നേതൃത്വം വഹിക്കുന്നത് വകുപ്പുതലത്തിലാണ്. അതിനാവശ്യമായ ഏകോപന സംവിധാനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന് കാര്യക്ഷമമായി രൂപകൽപ്പന ചെയ്ത് പ്രാവർത്തികമാക്കാൻ കഴിയും. മാത്രവുമല്ല വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനപദ്ധതികളുമായും സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര വികസനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് സഹായകമാകുന്നതാണ്.